ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ കടലോര മേഖലയിലും ഉൾനാടൻ മേഖലയിലും മത്സ്യത്തൊഴിലാളി ക്ഷേമസംഘങ്ങൾ രൂപീകരിച്ചു. ഇവയെ ഏകോപിപ്പിച്ചു പ്രവർത്തിക്കുന്നതിനുവേണ്ടി ജില്ലാതലകോ-ഓപ്പറേറീവുകളും സംസ്ഥാന തല അപ്പെക്സ് ഫെഡറേഷനും (മത്സ്യ ഫെഡ്) രൂപീകരിച്ചു. ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി, മത്സ്യത്തൊഴിലാളികളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും അതിലൂടെ സ്വാശ്രയശീലവും സമ്പാദ്യശീലവും വളർത്തിയെടുക്കുകയും ചെയ്യുക എന്നതാണ് ഈ സംവിധാനത്തിന്റെ ഉദ്ദേശം.

എൻ. സി. ഡി. സിയുടെ സാമ്പത്തിക സഹായത്തോടെ വള്ളം, വല, എഞ്ചിൻ എന്നീ മത്സ്യബന്ധനോപകരണങ്ങൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കിയിട്ടുണ്ട്. മേൽ പറഞ്ഞ പദ്ധതി പ്രകാരം ഗുണഭോക്തൃഗ്രൂപ്പുകൾ ഉൽപ്പാദിപ്പിക്കുന്ന മത്സ്യം പരസ്യ ലേലം നടത്തുന്നതിനും മത്സ്യഫെഡ് സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

മത്സ്യഫെഡ്

1140 [1716] ശ്രീ. എം. ജിനദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡ് രൂപീകരിച്ചതെന്നാണ് ;

(ബി) കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ എത്ര മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് മുഖാന്തിരം ആനുകൂല്യങ്ങൾ നൽകപ്പെട്ടിട്ടുണ്ട് ?

ഉത്തരം

(എ) 19-3-1984-ൽ മത്സ്യഫെഡ് രൂപീകരിച്ചു.

(ബി) 19-3-1984-ൽ മത്സ്യഫെഡ് നിലവിൽവന്നശേഷം 1,13,220 മത്സ്യത്തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.

മിൽക്ക് പ്രോജക്റ്റ്

1141 [1717] ശ്രീ. എം. പി. എം. ഇസഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശസഹായത്തോടെ തുടങ്ങുമെന്ന് തീരുമാനിച്ച മിൽക്ക് പ്രോജക്റ്റുകൾ തുടങ്ങിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന് എത്ര ലക്ഷം രൂപ സംസ്ഥാനം ചെലവഴിച്ചു ;

(സി) മഞ്ചേരിയിൽ ഈ വർഷം ഏതെങ്കിലും മിൽക്ക് പ്രോജക്റ്റ് തുടങ്ങുവാൻ ഉദ്ദേശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly